# സംസ്ഥാന തൊഴിൽ വകുപ്പ്
# തൊഴിൽ നയം (കരട്)

## ആമുഖം

ദിശാബോധമുള്ള നയവും അതു നടപ്പാക്കുന്നതിനുള്ള ഇച്ഛാശക്തിയുമാണ് ഏതൊരു മേഖലയുടേയും പുരോഗതിയുടെ അടിത്തറ. നയങ്ങൾ ലക്ഷ്യത്തിലേക്കുള്ള ചൂണ്ടുപലക എന്നതിലുപരി വിഷയങ്ങളോടുള്ള സമീപനം കൂടി വ്യക്തമാക്കുന്നു. ഐക്യജനാധിപത്യ മുന്നണി സർക്കാരിന്റെ ഈ തൊഴിൽനയം തൊഴിൽമേഖലയിൽ സമ്പൂർണ്ണ സമാധാനം കൈവരിക്കുവാനും, ഉല്പാദനക്ഷമത ഉയർത്തുവാനും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനൊപ്പം അവർക്കിടയിലെ ആശാസ്യമല്ലാത്ത പ്രവണതകൾ തടയുന്നതിനും തൊഴിലാളികളെ വിശ്വാസത്തിലെടുത്തുള്ള ഒരു പുത്തൻ തൊഴിൽ സംസ്കാരം വളർത്തുന്നതിന് തൊഴിലുടമകളെ പ്രേരിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ലക്ഷ്യവും മാർഗ്ഗവും കൂടുതൽ സുതാര്യമാക്കുക, പരസ്പര വിശ്വാസത്തിലധിഷ്ഠിതമായ തൊഴിലാളി-തൊഴിലുടമാ ബന്ധം സൃഷ്ടിച്ചെടുക്കുക, അവകാശങ്ങളെക്കുറിച്ച അറിവിനോടൊപ്പം കടമകളെക്കുറിച്ച് കൂടി തൊഴിലാളികൾക്ക് കൂടുതൽ അവബോധം നൽകുക, സങ്കീർണ്ണമായ മനുഷ്യശക്തികളുടെ പരിപോഷണത്തിനും വൈദഗ്ധ്യം ഉയർത്തുന്നതിനും പ്രചോദകമായ മാനേജ്മെന്റ് ശൈലി സൃഷ്ടിച്ചെടുക്കുക, എല്ലാറ്റിനുമുപരി മെച്ചപ്പെട്ട വ്യവസായ ബന്ധത്തിനും പൊതുസമൂഹത്തിന്റെ താൽപര്യത്തിനും അനുസരിച്ചുള്ള ഒരു തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിനുള്ള ചാലകശക്തിയായി സർക്കാർ മെഷീനറിയെ സജ്ജമാക്കുക തുടങ്ങിയ കാര്യങ്ങളും ഈ നയത്തിൽ അധിഷ്ഠിതമാണ്.

തൊഴിലെടുക്കുന്നവന്റെയും മുതൽ മുടക്കുന്നവന്റെയും താൽപര്യങ്ങളും അവകാശങ്ങളും ഒരുപോലെ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. നിസാരസംഭവങ്ങളുടെ പേരിൽ സ്ഥാപനം അടച്ചിട്ട് തൊഴിലാളികളെ വെല്ലുവിളിക്കുന്ന ഒറ്റപ്പെട്ടതെങ്കിലും ചില തൊഴിലുടമകളുടെ ശൈലി അംഗീകരിക്കുവാൻ കഴിയില്ല. എന്നാൽ അവകാശസമരങ്ങളുടെ പേരിൽ ഉത്പാദന നഷ്ടം വരുത്തുന്നതും പൊതുനന്മയ്ക്ക് എതിരായതുമായ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിച്ചുകൂടാത്തതാണ്. തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുത്താതെ ഉല്പാദനമികവ് കൈവരിക്കുകയും നിയമപരിരക്ഷയുടെ ആനുകൂല്യം തൊഴിലാളിക്കും സമൂഹത്തിന് ഒന്നാകെയും ഉറപ്പാക്കുന്നതിനും ഈ നയം ലക്ഷ്യമിടുന്നു.

## അസംഘടിത മേഖലയ്ക്ക് ഊന്നൽ

തൊഴിൽ-വ്യവസായ-മേഖലകളെ സ്വാധീനിക്കുന്ന സാമ്പത്തിക വികസന യത്നങ്ങൾക്ക് അനുയോജ്യമായ ഒരു തൊഴിൽനയം നടപ്പാക്കുകയെന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. തൊഴിൽ ശക്തിയുടെ ന്യൂനപക്ഷം മാത്രം കേന്ദ്രീകരിച്ചിട്ടുള്ള സംഘടിത വ്യവസായങ്ങളിലെ തൊഴിലാളികളുടെ ക്ഷേമത്തിനും സുരക്ഷക്കും ഊന്നൽ നൽകി മുൻകാലങ്ങളിൽ ഉണ്ടായിട്ടുള്ള തൊഴിൽ-വ്യവസായനയങ്ങളിൽ പരമ്പരാഗത വ്യവസായ തൊഴിലാളികൾക്കും അസംഘടിതമേഖലയിലെ തൊഴിലാളികൾക്കും വേണ്ടത്ര

പരിഗണന ലഭിച്ചിരുന്നില്ല. എന്നാൽ അവഗണിക്കപ്പെട്ട ഈ മേഖലയിലെ തൊഴിലാളികളുടെ സുരക്ഷയും ക്ഷേമവും ലക്ഷ്യമിട്ട് കേന്ദ്രസർക്കാർ പാസാക്കിയ സാമൂഹ്യ സുരക്ഷാനിയമവും ക്ഷേമപദ്ധതികളും കുറേക്കൂടി വിപുലമായരീതിയിൽ സംസ്ഥാനത്ത് നടപ്പാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

കേരളത്തിൽ പുരുഷന്മാർക്ക് തുല്യമായി സ്ത്രീകളും അസംഘടിതവും അനൗപചാരികവുമായ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നുണ്ട്. തൊഴിൽ ദൗർലഭ്യത മൂലം ഭാഗികമായി മാത്രമാണ് ഇവർക്ക് അവസരം ലഭിക്കുന്നത്. സാമൂഹിക സുരക്ഷാ പദ്ധതികളുടെ സംരക്ഷണവും മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകളും സംഘടിത മേഖലയിലേതുപോലെ ഇവർക്കും ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുകയും ഈ മേഖലയിലെ ചൂഷണം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യും.

അഭ്യസ്ത വിദ്യരായ യുവാക്കളുടെ തൊഴിലില്ലായ്മ സംസ്ഥാനം അഭിമുഖീകരിക്കുന്ന മുഖ്യവിഷയങ്ങളിലൊന്നാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത് അവസരം കാത്തിരിക്കുന്ന 44 ലക്ഷം തൊഴിൽ രഹിതർക്ക് ഒറ്റയടിക്ക് സർക്കാർ ഉദ്യോഗം നല്കുകയെന്നത് ഒരു സർക്കാരിനും പ്രാപ്യമായ കാര്യമല്ല. സാങ്കേതികമികവും വൈജ്ഞാനിക ബോധവും അന്യനാട്ടിൽ ഏതു തൊഴിലും എടുക്കുവാൻ സന്നദ്ധതയുമുള്ള ഇക്കൂട്ടർക്ക് തദ്ദേശീയമായി പരമാവധി അവസരം കണ്ടെത്തുന്നതിനോടൊപ്പം അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫിനിഷിംഗ് സ്കൂളുകളിൽ പ്രായോഗിക പരിശീലനം നൽകി വിദേശ തൊഴിൽ വിപണികളിൽ പണിയെടുക്കുന്നതിന് പ്രാപ്തരാക്കുകയും ചെയ്യും. പശ്ചിമേഷ്യൻ-അറബ് രാജ്യങ്ങളിലെ തൊഴിൽ സാധ്യതകൾ വിലയിരുത്തി അവസരങ്ങൾ ഏറെ ലഭ്യമാകുന്ന മേഖലകളിലായിരിക്കും പരിശീലനം നൽകുക. കൂടുതൽ വിദേശതൊഴിൽദാതാക്കളെ കണ്ടെത്തുവാനും ശ്രമം നടത്തും.

## തൊഴിൽ മേഖലയിലെ പ്രതിസന്ധി

തൊഴിൽ രാഹിത്യത്തിന്റെയും ഭാഗിക തൊഴിലിന്റെയും ഉയർന്ന നിരക്കും ഉൽപാദന ക്ഷമമായ പുതിയ തൊഴിലവസരങ്ങളുടെ അഭാവവും കേരളത്തിലെ തൊഴിൽ മേഖല അഭിമുഖീകരിക്കുന്ന മുഖ്യപ്രശ്നങ്ങളാണ്. അസംഘടിത മേഖലയിലെ സംരക്ഷണം ഇല്ലാത്ത തൊഴിൽ അന്തരീക്ഷം, തൊഴിൽ ബന്ധങ്ങളിലെ നിഷേധാത്മക നിലപാടുകൾ, സുസ്ഥിരമായ സാമൂഹ്യസുരക്ഷാ പദ്ധതികളുടെ അഭാവം, കാലാനുസൃതമായി ഭേദഗതി ചെയ്യാത്തതുമൂലം ദുർബലമായ തൊഴിൽ നിയമങ്ങൾ, മെച്ചപ്പെട്ട–തൊഴിൽ പരിശീലനം നൽകുന്ന സംവിധാനങ്ങളുടെ അപര്യാപ്തത തുടങ്ങിയവ തൊഴിൽ മേഖലയെ അനാകർഷകമാക്കുന്ന ഘടകങ്ങളാണ്. പ്ലാന്റേഷൻ മേഖലയിൽ നിലനിൽക്കുന്ന അപര്യാപ്തത വേതനവും നാമമാത്ര ആനുകൂല്യങ്ങളും മുഖ്യധാരയിൽ നിന്നും പാർശ്വവൽക്കരിക്കപ്പെടുന്ന ജീവിത സാഹചര്യങ്ങളും പുതുതലമുറ തൊഴിലന്വേഷകരെ അവിടേക്ക് ആകർഷിക്കുന്നില്ല. കോടിക്കണക്കിന് രൂപയുടെ വിദേശനാണ്യം നേടിയെടുക്കുന്ന തോട്ടം മേഖലയിലേക്ക് പുതുതലമുറ തൊഴിലാളികളെ ആകർഷിക്കുന്നതിന് നിലവിലെ സേവന–വേതന–ക്ഷേമ വ്യവസ്ഥകൾ പരിഷ്ക്കരിക്കുകയും വിദഗ്ധ ഏജൻസികളുടെ സഹായത്തോടെ മെച്ചപ്പെട്ട പരിശീലനം തൊഴിലാളികൾക്ക് ഉറപ്പാക്കുകയും ചെയ്യും.

ലോകവ്യാപകമായി സംഘടിത മേഖല തൊഴിൽ സുരക്ഷിതത്വത്തിൽ നിന്നും വരുമാന സുരക്ഷിതത്വത്തിലേക്ക് രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ അന്തരീക്ഷം

തൊഴിൽ കമ്പോളങ്ങളെ പൊരുത്തപ്പെടലിന്റേയും അയവാർന്ന നയസമീപനത്തിന്റെയും ശൈലി ഉൽക്കൊള്ളുവാൻ നിർബ്ധിതമാക്കുന്നു. സമീപനം എന്തുമാകട്ടെ, തൊഴിൽ മേഖലയിലെ സ്വേച്ഛാപരമായ പിരിച്ചുവിടൽ, വേതനം വെട്ടിക്കുറക്കൽ എന്നിവ ഇല്ലാതാക്കുകയും തൊഴിലാളികളുടെ ഭാഗത്തുനിന്നുമുള്ള അനഭിമതമായ പ്രവണതകൾ തടയുകയും ചെയ്ത് ഇരുവർക്കും സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പുവരുത്തുവാൻ സർക്കാർ ബാധ്യസ്ഥമാണ്.

വ്യവസായ വളർച്ചയ്ക്ക് അനുഗുണമായതും അടഞ്ഞുകിടക്കുന്ന തൊഴിൽ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ പുനരധിവാസത്തിന് പ്രാമുഖ്യം നൽകുന്നതും അസംഘടിത മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തി അവർക്ക് മാന്യമായ വേതനവും ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിന് പര്യാപ്തമായ സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതും എല്ലാത്തിലുമുപരി തൊഴിൽ മേഖലയിൽ ജോലിസ്ഥിരത, തൊഴിൽ പരിരക്ഷ, വരുമാന സംരക്ഷണം എന്നിവ ഉറപ്പുവരുത്തുന്നതുമായ പദ്ധതികൾ ആവിഷ്ക്കരിക്കുകയും അതിനായി നിലവിലുള്ള തൊഴിൽ നിയമങ്ങളിൽ ഭേദഗതി വരുത്തുകയും ചെയ്യും.

## തൊഴിലാളി - തൊഴിലുടമാ ബന്ധം

കേരളത്തിലെ തൊഴിൽമേഖല സമരാസക്തമാണെന്നും വ്യവസായ പുരോഗതിക്ക് തടസ്സം നിൽക്കുന്നവരാണ് ഇവിടുത്തെ തൊഴിലാളികളെന്നുമുള്ള കിംവദന്തി ഏറെനാളായി പ്രചരിച്ചുവരുന്നു. ഉന്നതമായ വിജ്ഞാനനിലവാരം, വൈദഗ്ധ്യം, സാഹചര്യങ്ങളോട് ഇണങ്ങാനുള്ള കഴിവ് ഇവയാൽ അനുഗ്രഹീതമായ കേരളത്തിലെ തൊഴിലാളി സമൂഹത്തെ കളങ്കിതമാക്കുന്നതും നിക്ഷേപകരെ പിന്തിരിപ്പിക്കുന്നതുമായ ഈ പ്രചരണത്തിന് അറുതിവരുത്തുവാൻ തൊഴിലാളികൾ തന്നെയാണ് മുൻകൈയെടുക്കേണ്ടത്. മാതൃകാപരമായ തൊഴിലാളി-തൊഴിലുടമാബന്ധം പ്രോത്സാഹിപ്പിക്കാനും ആശാസ്യമല്ലാത്ത തൊഴിൽ ശീലങ്ങളും പ്രതികൂല ഭാവമുള്ള തൊഴിൽ ബന്ധങ്ങളും നിരുത്സാഹപ്പെടുത്താനും നിയമനിർമ്മാണം, അനുരഞ്ജനം, ബോധവത്കരണം, ഉചിതമായ ഭരണ ഇടപെടൽ തുടങ്ങിയവയ്ക്കും സർക്കാർ മുൻകൈയെടുക്കും.

നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി തൊഴിലാളികളെ ജോലിക്ക് നിയോഗിക്കുന്നതിന് വ്യവസായ സംരംഭകന് അധികാരവും അവകാശവുമുണ്ടായിരിക്കും. പുതിയ വ്യവസായ സ്ഥാപനങ്ങളുടെ കടന്നുവരവിനെ തൊഴിലാളി സമരത്തിന്റെ പേരിൽ നിരുത്സാഹപ്പെടുത്തരുത്. സമരം ചെയ്യുവാനുള്ള തൊഴിലാളികളുടെ അവകാശത്തെ അംഗീകരിക്കുന്നതോടൊപ്പം സമരത്തിന്റെ പേരിലുള്ള ആഭാസത്തിനെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യും. സമരത്തിന്റെ പേരിൽ വസ്തുവകകൾക്കും വ്യക്തികൾക്കും നാശനഷ്ടമുണ്ടാക്കുവാൻ അനുവദിക്കില്ല. ഘെരാവോ, ഉപരോധം, സ്ഥാപന ഉടമയേയും കുടുംബാംഗങ്ങളേയും മാനസികമായി പീഡിപ്പിക്കൽ തുടങ്ങിയ അധാർമ്മിക സമരമുറകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കും. വ്യവസായ തർക്ക നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാതെയുള്ള ലോക്കൗട്ടും മിന്നൽപണിമുടക്കും നിയമവിരുദ്ധമായി പ്രഖ്യാപിക്കും. അടിയന്തിര സാഹചര്യങ്ങളിൽ പൊതുസേവനമേഖല പബ്ലിക് യൂട്ടിലിറ്റി സർവ്വീസിന്റെ പരിധിയിൽകൊണ്ടുവരും. നിർമ്മാണ സൈറ്റുകളിൽ തൊഴിൽതർക്കം മൂലമുണ്ടാകുന്ന സ്തംഭനം ഒഴിവാക്കുന്നതിന് അടിയന്തിര ഇടപെടൽ നടത്തും.

## തൊഴിൽവകുപ്പിന്റെ പുനഃസംഘടന

1946 ജനുവരി 26 മുതൽ സ്വതന്ത്രമായി പ്രവർത്തിച്ചുവരുന്ന തൊഴിൽ വകുപ്പ് ഇന്ന് 30 കേന്ദ്ര-സംസ്ഥാന നിയമങ്ങൾ നടപ്പിലാക്കുന്നതിന് പുറമെ 15 ക്ഷേമനിധി ബോർഡുകളുടേയും 13 ക്ഷേമപദ്ധതികളുടേയും 2 ഇൻഷ്വറൻസ് പദ്ധതികളടേയും ഭരണപരമായ നടത്തിപ്പ് ചുമതലകൂടി നിർവ്വഹിച്ചുവരുന്നു. കഴിഞ്ഞ 30 വർഷമായി വകുപ്പിന്റെ ഘടനയിലോ ഉദ്യോഗസ്ഥരുടെ എണ്ണത്തിലോ കാര്യമായ ഒരു മാറ്റവും വന്നിട്ടില്ല. 1980ൽ നടന്ന പുനഃസംഘടനയ്ക്കുശേഷം വിവരസാങ്കേതികം, കുടിയേറ്റതൊഴിൽ, ബാലവേല, നിർമ്മാണ തൊഴിൽ, സമഗ്ര ആരോഗ്യഇൻഷ്വറൻസ് പദ്ധതി തുടങ്ങി സങ്കീർണ്ണമായ നിരവധി മേഖലകൾ തൊഴിൽ വകുപ്പിന്റെ പരിധിയിൽ പെടുത്തിയെങ്കിലും ഈ മേഖലകളിൽ തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥ തസ്തികകൾ സൃഷ്ടിച്ചിരുന്നില്ല.

വർദ്ധിച്ചുവരുന്ന പുതിയ തൊഴിൽ മേഖലകളും ഉത്പാദന- സേവന മേഖലകളും സൃഷ്ടിക്കുന്ന സങ്കീർണ്ണമായ തൊഴിലാളി-തൊഴിലുടമാപ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ ഔദ്യോഗിക സംവിധാനത്തിന്റെ അപര്യാപ്തത തൊഴിൽ വകുപ്പിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. മൂന്ന് പതിറ്റാണ്ട് മുമ്പു നിശ്ചയിച്ച സ്റ്റാഫ് പാറ്റേണും ഘടനയുമാണ് ഇന്നും വകുപ്പിൽ തുടരുന്നത്. തൊഴിൽ വകുപ്പു പുനഃസംഘടിപ്പിക്കാൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പഠനം നടത്തി സമർപ്പിച്ച ശുപാർശ സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. ഇതിൽ എത്രയും വേഗം തീരുമാനം കൈക്കൊള്ളും. പഠനറിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ള പ്രകാരം ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും വകുപ്പിന്റെ ഘടന കാലാനുസൃതമായി പരിഷ്കരിക്കുകയും ചെയ്യും. ഇപ്രകാരം പുനഃസംഘടിപ്പിക്കുക വഴി തൊഴിൽ വകുപ്പിന്റെ സേവനം എല്ലാ തൊഴിലാളി വിഭാഗത്തിനും ലഭ്യമാക്കുവാനും നടപടി ക്രമങ്ങളുടെ കാലതാമസം ഒഴിവാക്കുവാനും സഹായിക്കും.

## ഇ-ഗവേണൻസ്/ഹെൽപ്പ് ലൈൻ/വെബ്സൈറ്റ്

ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ സുതാര്യവും കാര്യക്ഷമവുമായി നിർവ്വഹിക്കാൻ പര്യാപ്തമായ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കും. എഴുത്തുകുത്തുകളും പേപ്പർ വർക്കുകളും, പരമാവധി കുറച്ച് ക്ലിപ്ത സമയത്തിനുള്ളിൽ പരാതികളിന്മേൽ നടപടി ഉറപ്പാക്കും.

തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങൾക്കും സംശയ നിവാരണത്തിനും പരാതി പരിഹാരത്തിനും വേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ്ലൈൻ സജ്ജമാക്കും. ഹെൽപ്പ്ലൈനിൽ ലഭിക്കുന്ന പരാതിയിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുകയും ആയത് പരാതിക്കാരനെ അറിയിക്കുകയും ചെയ്യും. തൊഴിൽവകുപ്പിന്റേയും ലേബർ കമ്മീഷണറേറ്റിന്റെയും വെബ്സൈറ്റ് നിർമ്മിച്ച് കേന്ദ്രസംസ്ഥാന തൊഴിൽ നിയമങ്ങളും ചട്ടങ്ങളും കുറഞ്ഞകൂലി നിശ്ചയിച്ചതു സംബന്ധിച്ച വിജ്ഞാപനങ്ങളും തൊഴിൽ നിയമങ്ങൾപ്രകാരം അറിഞ്ഞിരിക്കേണ്ട പൊതു വിവരങ്ങളും പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധപ്പെടുത്തും.

തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട അപേക്ഷാഫോറങ്ങൾ ഡൗൺലോഡുചെയ്യാനും ഓൺലൈനായി അപേക്ഷകൾ രജിസ്റ്റർ ചെയ്യാനുമുള്ള സൗകര്യങ്ങളും ഇതിൽ ഉൾക്കൊള്ളിക്കും. വകുപ്പുപുറപ്പെടുവിക്കുന്ന ഉത്തരവുകളും നിർദ്ദേശങ്ങളും അതാതു ദിവസം തന്നെ പൊതുജനങ്ങൾക്ക് വെബ്സൈറ്റ് മുഖേന ലഭ്യമാക്കും.

## നോക്കുകൂലി-അമിതകൂലി തുടങ്ങിയ ചുമട്ടുതൊഴിൽ മേഖലയിലെ അനഭിമത പ്രവണതകൾക്ക് നിയന്ത്രണം

കേരളത്തിലെ ബഹുഭൂരിപക്ഷം ചുമട്ടുതൊഴിലാളികളും നന്നായി പെരുമാറുന്നവരും നിയമാനുസൃതം പ്രവർത്തിക്കുന്നവരുമാണ്. എന്നാൽ ഒരു ന്യൂനപക്ഷത്തിന്റെ ഭാഗത്തുനിന്നുമുള്ള ആശാസ്യമല്ലാത്ത പ്രവർത്തനങ്ങൾ തൊഴിലാളി വിഭാഗത്തിനാകെ ദുഷ്പേരുണ്ടാക്കുകയും സമൂഹത്തിൽ അവർ കളങ്കിതർ ആവുകയും ചെയ്യുന്നുണ്ട്.

കയറ്റിയിറക്ക് മേഖലയിൽ അടിച്ചേൽപ്പിക്കുന്ന നോക്കുകൂലി, അമിതകൂലി എന്നിവ ഒഴിവാക്കണമെന്ന് ട്രേഡ് യൂണിയൻ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ പൊതുധാരണ ആയിട്ടുണ്ട്. ക്ഷേമനിധി സ്കീം പ്രാബല്യത്തിലുള്ള പ്രദേശങ്ങളിൽ കയറ്റിയിറക്കുകൂലി ബാങ്കുമുഖേന ഒടുക്കുന്നതിനുള്ള ഓൺലൈൻ സൗകര്യം ഉണ്ടാക്കും. സംസ്ഥാനത്തെ കോർപ്പറേഷൻ പ്രദേശങ്ങളിലും തുടർന്ന് സംസ്ഥാനത്തൊട്ടാകെയും ഏകീകരിച്ച കയറ്റിറക്ക് കൂലി നിശ്ചയിച്ച് അത് ഫലപ്രദമായി നടപ്പിലാക്കാൻ നടപടി കൈക്കൊള്ളും. ഇപ്രകാരം ഏകീകരിച്ചകൂലി സർക്കാർ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കും. നിശ്ചയിച്ചിട്ടുള്ളതിനെക്കാൾ അധികകൂലി ആവശ്യപ്പെടുകയോ ഗാർഹികാവശ്യത്തിനുള്ള സാമഗ്രികളുടെ കയറ്റിറക്ക് ആവശ്യപ്പെട്ട് വീട്ടുടമസ്ഥരെ ഭീഷണിപ്പെടുത്തുകയോ ചെയ്യുന്ന ചുമട്ടുതൊഴിലാളികൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കും. രണ്ട് വർഷം കൂടുമ്പോൾ തൊഴിലാളികളുടെ ബോർഡിലെ രജിസ്ട്രേഷൻ പുതുക്കണമെന്നും നിയമം ഭേദഗതി ചെയ്യും. ചുമട്ടുതൊഴിലാളി രജിസ്ട്രേഷൻ കാർഡിന്റെ കൈമാറ്റം കർശനമായി തടയുകയും പകരക്കാരെ കയറ്റിറക്ക് തൊഴിലുകൾക്ക് നിയോഗിച്ച് മാസപ്പടി കൈപ്പറ്റുന്ന പ്രവണത അവസാനിപ്പിക്കുകയും ചെയ്യും.

## അസംഘടിത മേഖലയ്ക്ക് വേതന സുരക്ഷാപദ്ധതി

അസംഘടിത മേഖലയിലെ വിവിധ തൊഴിലുകൾക്ക് സർക്കാർ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടെങ്കിലും കൃത്യമായി അത് തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ നിലവിലുള്ള സംവിധാനം പര്യാപ്തമല്ല. വേതനം ലഭിക്കുന്നില്ലെന്ന് പരാതിപ്പെട്ടാൽ തൊഴിലിൽ നിന്നും പിരിച്ചുവിടുമെന്ന ഭീതി ഇത് സംബന്ധമായി പരാതി നൽകുന്നതിൽ നിന്നും അവരെ വിലക്കുന്നു. കയർ, കശുവണ്ടി, സ്വകാര്യ ആശുപത്രികൾ തുടങ്ങി പല മേഖലകളിലും ഇപ്രകാരം മിനിമം വേതനം നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിൽ നിയമങ്ങൾ വ്യവസ്ഥചെയ്യുന്ന സേവന-വേതന വ്യവസ്ഥകൾ തൊഴിലാളികൾക്ക് ലഭ്യമാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മിനിമം വേതനം തൊഴിലാളികൾക്ക് ഉറപ്പാക്കുന്നതിന് അവരുടെ ശമ്പളം ബാങ്ക് അക്കൗണ്ട് വഴി മാത്രം നൽകുന്നതിന് വ്യവസ്ഥചെയ്ത് ചട്ടങ്ങളിൽ ഭേദഗതി വരുത്തും. ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് മിനിമം വേതനത്തെക്കാൾ കുറഞ്ഞ തുകയാണ് ഉടമ തൊഴിലാളിക്ക് നൽകിയതെന്ന് കണ്ടെത്തിയാൽ തൊഴിലാളിയുടെ പരാതി കൂടാതെതന്നെ ഉടമയിൽ നിന്ന് കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കും. വേതനം നൽകിയതായി തൊഴിലുടമ ഹാജരാക്കുന്ന സ്റ്റേറ്റ്മെന്റിനൊപ്പം ബാങ്കിൽ നിന്നുമുള്ള രേഖകളും ഭാവിയിൽ ഹാജരാക്കേണ്ടിവരും.

## ജില്ലാ തല സമാധാന സമിതികൾ

അപ്രതീക്ഷിതമായുണ്ടാകുന്ന പണിമുടക്കുകൾ മൂലം സാധാരണ ജനങ്ങൾക്കുണ്ടാക്കുന്ന ദുരിതങ്ങൾ ഒഴിവാക്കാൻ എല്ലാ ജില്ലകളിലും ജില്ലാതല സമാധാന സമിതികൾ രൂപവത്കരിക്കും. ജില്ലാ കളക്ടർ (ചെയർമാൻ), ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ജില്ലാ പോലീസ് സൂപ്രണ്ട് എന്നീ ഉദ്യോഗസ്ഥരും ജില്ലയിലെ ട്രേഡ്യൂണിയൻ നേതാക്കളും ഉൾപ്പെടുന്ന ജില്ലാതല സമാധാന സമിതി മിന്നൽ പണിമുടക്കുപോലെ ജനങ്ങളെ ക്ലേശത്തിലാക്കുന്ന വിഷയങ്ങളിൽ അടിയന്തിരമായി ഇടപെടുകയും പ്രശ്നപരിഹാരം ഉണ്ടാക്കുകയും ചെയ്യും. സമാധാന സമിതിയുടെ തീരുമാനത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന സംഘടനകൾക്കെതിരെ നടപടി സ്വീകരിക്കും. വ്യവസായ തൊഴിൽതർക്ക നിയമത്തിന്റെ പരിധിയിൽ വരുന്നതൊഴികെയുള്ള വിഷയങ്ങളായിരിക്കും സമാധാന സമിതി പരിഗണിക്കുക.

## വിവര സാങ്കേതിക മേഖല

ഐറ്റി മേഖലയിലെ തൊഴിലുടമകൾക്ക് സർക്കാരുമായി കൂടിയാലോചിച്ച് അന്താരാഷ്ട്ര ഏജൻസികളുടെ ആവശ്യങ്ങൾക്ക് അനുസൃതവും നിലവിലെ തൊഴിൽ നിയമങ്ങൾക്ക് വിരുദ്ധവുമാകാതെ സ്വയം നിയന്ത്രിത തൊഴിൽ വ്യവസ്ഥ നടപ്പിലാക്കാൻ അവസരം നൽകും.

## കുടിയേറ്റ തൊഴിലാളി നിയമം

കേരളത്തിലെ നിർമ്മാണമേഖലയിലും കായികാധ്വാനം അധികം വേണ്ടി വരുന്ന ഇതര തൊഴിൽ മേഖലകളിലും അന്യസംസ്ഥാന തൊഴിലാളികളുടെ സാന്നിധ്യം ദിനംപ്രതി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. നിർമ്മാണ മേഖലയിൽ അപകടകരമായ സാഹചര്യങ്ങളിൽ പണിയെടുക്കുവാൻ നിർബന്ധിതരാകുന്ന ഈ തൊഴിലാളികൾക്ക് തൊഴിൽ സ്ഥലങ്ങളിൽ ഉണ്ടാകുന്ന അപകടങ്ങൾക്കും ജീവഹാനിക്കും നഷ്ടപരിഹാരം നിഷേധിക്കുന്ന ഖേദകരമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗൾഫിന് മലയാളിയെന്നപോലെ കേരളത്തിന് അന്യസംസ്ഥാന തൊഴിലാളികളും ഇന്ന് ദൈനംദിനജീവിതത്തിന്റെ ഭാഗമാണ്. നമ്മുടെ നാടിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളിയാവുകയും നമുക്കുവേണ്ടി അത്യധ്വാനം ചെയ്യുകയും അതുവഴി നമ്മുടെ ജീവിതസാഹചര്യത്തെയും സാമ്പത്തികാടിത്തറയേയും പുഷ്ടിപ്പെടുത്താൻ സഹായിക്കുകയും ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളെ നിയമപരമായി സംരക്ഷിക്കേണ്ട ബാധ്യത നമുക്കുണ്ട്. അവരുടെ

സുരക്ഷിതത്വവും അതിലേറെ നാടിന്റെ സുരക്ഷിതത്വവും ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം സർക്കാരിൽ നിക്ഷിപ്തമാണ്.

ഇതിനായി അന്യസംസ്ഥാന തൊഴിലാളികൾ കൂടുതലായി കേന്ദ്രീകരിച്ചിട്ടുള്ള തൊഴിലിടങ്ങളിൽ തൊഴിൽവകുപ്പിന്റെ പരിശോധന കർശനമാക്കും. കുടിയേറ്റതൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾ പാലിച്ച് നിർമ്മാണ മേഖലയിൽ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. അന്യസംസ്ഥാന തൊഴിലാളികൾക്ക് നിയമം വ്യവസ്ഥചെയ്യുന്ന സേവനവേതന വ്യവസ്ഥകളും ആനുകൂല്യങ്ങളും ലഭ്യമാക്കാൻ നടപടി കൈക്കൊള്ളും. ഇതിനായി അന്യസംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകും. രജിസ്ട്രേഷനുള്ള തൊഴിലാളികളെ മാത്രമെ സൈറ്റുകളിൽ പണിയെടുപ്പിക്കാൻ പാടുള്ളൂവെന്ന് വ്യവസ്ഥ ചെയ്യും. കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയുടെ ആനുകൂല്യം കൂടുതൽ തൊഴിലാളികൾക്ക് ലഭ്യമാക്കുവാൻ കഴിയുംവിധം നിയമം ഉദാരമാക്കും. സമഗ്രആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പരിരക്ഷ ഈ തൊഴിലാളികൾക്കും ലഭ്യമാക്കും.

## തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കാൻ സുരക്ഷാ ആഡിറ്റ് നിർബന്ധമാക്കും.

കെട്ടിട നിർമ്മാണത്തൊഴിലാളി (ക്രമീകരണവും നിയന്ത്രണവും) നിയമത്തിൽ നിർമ്മാണമേഖലയിൽ പാലിക്കേണ്ട സുരക്ഷാമാനദണ്ഡങ്ങൾ കൃത്യമായി വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും അവ നിരന്തരം ലംഘിക്കപ്പെടുന്നതിന്റെ ഫലമായി നിരവധി തൊഴിലാളികൾ അപകടത്തിൽ പെടുകയും ജീവഹാനി ഉണ്ടാകുകയും ചെയ്ത സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിഗുരുതരമായ ഈ നിയമലംഘനത്തിനെതിരെ നടപടി സ്വീകരിക്കുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സംസ്ഥാനത്ത് ഫ്ളാറ്റുകളുടേയും ബഹുനില കെട്ടിടങ്ങളുടേയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന സൈറ്റുകളിൽ പരിശോധനകൾ ഊർജ്ജിതപ്പെടുത്തി സുരക്ഷാമാനദണ്ഡങ്ങൾ കർശനമായി നടപ്പിലാക്കും. സുരക്ഷാമാനദണ്ഡങ്ങൾ ലംഘിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവെയ്പിക്കും.

ബഹുനില കെട്ടിടങ്ങളുടെ നിർമ്മാണത്തിനുള്ള രജിസ്ട്രേഷന് അപേക്ഷിക്കുമ്പോൾ സുരക്ഷാസംബന്ധമായ ഒരു സേഫ്റ്റി പ്ലാൻ കൂടി ഉടമ സമർപ്പിക്കണമെന്ന് വ്യവസ്ഥചെയ്യും. ഇതു നടപ്പിലാക്കുന്നുണ്ടോയെന്ന് സ്വതന്ത്രഏജൻസിയെ നിയോഗിച്ച് പരിശോധിപ്പിക്കും. ബഹുനില കെട്ടിടങ്ങൾക്ക് സേഫ്റ്റി ഓഡിറ്റ് നിർബന്ധമാക്കും.

## തൊഴിലാളി ഭവന പദ്ധതി

സ്വന്തമായി ഒരു വീടുണ്ടാവുക എന്നത് എല്ലാവരുടേയും സ്വപ്നമാണ്. തൊഴിലാളികളെ സംബന്ധിച്ച് ഈ സ്വപ്നം പോലും അവർക്ക് അന്യമാണ്. സാമ്പത്തികമായി വൻബാധ്യത വരുത്താതെ തൊഴിലാളികൾക്ക് തങ്ങളുടെ വരുമാനത്തിലൊതുങ്ങുന്ന ചിലവ് കുറഞ്ഞ വീടുനിർമ്മിക്കാൻ ക്ഷേമനിധി ബോർഡുകൾ വഴി സഹായം ലഭ്യമാക്കും. കേന്ദ്രസർക്കാരിന്റേയും ക്ഷേമബോർഡുകളുടെ നിക്ഷേപം സ്വീകരിക്കുന്ന ധനകാര്യസ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ ആയിരിക്കും ഈ പദ്ധതി നടപ്പിലാക്കുക. മെച്ചപ്പെട്ട സാമ്പത്തിക അടിത്തറയുള്ള ക്ഷേമബോർഡുകളുടെ അംഗങ്ങൾക്കായിരിക്കും പ്രാരംഭഘട്ടത്തിൽ പദ്ധതിയുടെ പ്രയോജനം ലഭിക്കുക.

## തോട്ടം മേഖലയിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തും

തോട്ടം മേഖലയിലെ തൊഴിലാളികളുടെ നിലവിലുള്ള ഭൗതികസാഹചര്യങ്ങൾ വളരെ ശോചനീയമാണ്. അവശ്യം വേണ്ടുന്ന സൗകര്യങ്ങളുടെ അപര്യാപ്തത മൂലം പുതു തലമുറയിലെ തൊഴിലാളികൾ ഈമേഖലയിലേക്ക് കടന്നുവരുന്നതിന് വിമുഖത കാട്ടുന്നു. ഈ സാഹചര്യത്തിൽ തോട്ടം മേഖലയിലെ തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സേവന വേതന വ്യവസ്ഥകൾ ആകർഷകമാക്കുന്നതിനും നിലവിലുള്ള ചട്ടങ്ങൾ പരിഷ്ക്കരിക്കും. തോട്ടം തൊഴിലാളികളുടെ കുട്ടികളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസത്തിന് മാനേജ്മെന്റുകളുടെ സഹകരണത്തോടുകൂടി ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കും.

## കൺസ്ട്രക്ഷൻ അക്കാദമിയെ മികവിന്റെ കേന്ദ്രമാക്കും

സംസ്ഥാനത്ത് നിർമ്മാണ മേഖലയിൽ പ്രാപ്തരായ വിദഗ്ധ തൊഴിലാളികളുടെ ക്ഷാമം രൂക്ഷമാണ്. വിവിധ നിർമ്മാണ തൊഴിലുകളിൽ അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള പരിശീലനം നൽകി സ്വദേശത്തും വിദേശത്തും വിദഗ്ധ തൊഴിലാളികളെ ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിന്റെ ആദ്യ പടിയായി കൊല്ലം ജില്ലയിൽ ആരംഭിക്കുന്ന കൺസ്ട്രക്ഷൻ അക്കാദമിയെ അന്താരാഷ്ട്ര നിലവാരത്തിലുള്ള മികവിന്റെ കേന്ദ്രമാക്കി പരിശീലന കോഴ്സുകൾ ആരംഭിക്കും. വിദേശ തൊഴിൽ ദാതാക്കളുമായുള്ള ഉഭയകക്ഷി ധാരണ പ്രകാരമായിരിക്കും ഇവിടത്തെ കോഴ്സുകൾ രൂപകൽപന ചെയ്യുക. ഈ സ്ഥാപനത്തിൽ നിന്നും പരിശീലനം പൂർത്തിയാക്കുന്നവർക്ക് സ്ഥായിയായ തൊഴിൽ സ്വദേശത്തും വിദേശത്തും ലഭ്യമാക്കുന്നതിനും പദ്ധതികൾ ആവിഷ്ക്കരിക്കും.

## ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്

ഏതൊരു തൊഴിലും കലാപരമാകുമ്പോൾ അതിന് ആവശ്യക്കാർ വർദ്ധിക്കും. തയ്യൽ ഒരു തൊഴിലെന്നതിലുപരി ഒരു കലകൂടിയാണ്. അത് നാടിനെ സൗന്ദര്യപ്പെടുത്തുന്നു. അതുകൊണ്ടാണ് ഫാഷൻ ടെക്നോളജിക്ക് ഇന്ന് അമിത പ്രാധാന്യം കൈവന്നിട്ടുള്ളതും. മാറിമാറി വരുന്ന പ്രവണതകൾക്കും അഭിരുചികൾക്കും അനുസൃതമായി പുതിയ ഫാഷനുകൾ പരിശീലിപ്പിക്കുന്നതിനായി തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ ഒരു **ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്** ആരംഭിക്കും. തയ്യൽതൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് ന്യായ വിലയ്ക്ക് തയ്യൽ സാമഗ്രികൾ ലഭ്യമാക്കാൻ എല്ലാ ജില്ലയിലും **മെറ്റീരിയൽ** ബാങ്ക് ആരംഭിക്കും.

## ലേബർ ബാങ്ക്

തൊഴിൽവകുപ്പിന്റെ കീഴിലുള്ള വിവിധ ക്ഷേമബോർഡുകളുടെ നിക്ഷേപം ഉപയോഗപ്പെടുത്തി തൊഴിലാളി മേഖലയിലെ ക്ഷേമപ്രവർത്തനങ്ങൾക്കായി ലേബർ ബാങ്ക് രൂപീകരിക്കും. ക്ഷേമബോർഡുകളുടെ സ്ഥിര നിക്ഷേപത്തിൽ നിന്നും ലഭിക്കുന്ന പലിശയെമാത്രം അടിസ്ഥാനമാക്കിയാണ് നിലവിൽ തൊഴിലാളികൾക്ക് ആനുകൂല്യം നൽകി വരുന്നത്. ഈ നിക്ഷേപം സ്വരൂപിച്ച് ആദായകരമായ രീതിയിൽ വിനിയോഗിച്ച് അതിൽ

നിന്നും ലഭിക്കുന്ന ലാഭം തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് വിനിയോഗി ക്കുവാൻ ലക്ഷ്യമുണ്ട്. വിദഗ്ധ-അവിദഗ്ധ തൊഴിലാളികൾക്കായി ലേബർ ഡേറ്റാ ബാങ്കും ആരംഭിക്കും. ഇവിടെ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികളെ തൊഴിൽ ലഭ്യതയനുസരിച്ച് തൊഴിൽവകുപ്പിന്റെ ഉത്തരവാദിത്വത്തിൽ തൊഴിൽദാതാവിന് വിട്ടുകൊടുക്കും. ഇപ്ര കാരം നൽകുന്ന തൊഴിലാളിയുടെ കൂലിയും മറ്റും തൊഴിൽവകുപ്പ് നിശ്ചയിച്ചുനൽകും. സ്ഥിരമായി ഇപ്രകാരം സേവനം ആവശ്യം വരുന്ന ഉടമകൾക്ക് രജിസ്ട്രേഷൻ നിർബ ന്ധമാക്കും.

## കുറഞ്ഞ കൂലി നിയമത്തിന്റെ പരിധിയിൽ കൂടുതൽ വിഭാഗങ്ങളെ ഉൾപ്പെടുത്തും

എൺപതിലേറെ തൊഴിൽ മേഖലകളെ ഇപ്പോൾ കുറഞ്ഞകൂലി നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും എല്ലാ വിഭാഗത്തിനും കുറഞ്ഞ കൂലി നിശ്ച യിച്ചിട്ടില്ല. കുറഞ്ഞ കൂലി നിശ്ചയിച്ചിട്ടില്ലാത്ത മേഖലകളിൽ അതിനുള്ള നടപടികൾ ത്വരിതപ്പെടുത്തും. മാറിയ സാഹചര്യങ്ങൾക്കനുസരിച്ച് ജീവിക്കാനാവശ്യമായ കുറഞ്ഞ കൂലി നിശ്ചയിച്ചിട്ടില്ലാത്ത തൊഴിൽ മേഖലകളെ കുറഞ്ഞ കൂലി നിയമത്തിന്റെ പരിധി യിൽപ്പെടുത്താൻ നടപടികൾ സ്വീകരിക്കും. അതോടൊപ്പം കുറഞ്ഞകൂലി നിശ്ചയിച്ച മേഖലകളിൽ ആയത് പരിഷ്കരിക്കാനും നടപടി കൈക്കൊള്ളും. ഇതിനായി മിനിമം വേജസ് അഡ്വൈസറിബോർഡിന്റെ പ്രവർത്തനം കൂടുതൽ ശക്തമാക്കും. എൻഫോ ഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തി തൊഴിലാളികൾക്ക് നിഷേധി ക്കപ്പെടുന്ന മിനിമം വേതനാനുകൂല്യം കുടിശ്ശിക ഉൾപ്പെടെ വസൂലാക്കി നൽകും.

## കൂടുതൽ മേഖലകളിൽ ഫെയർവേജസ് നിശ്ചയിക്കും

ഇപ്പോൾ മോട്ടോർ ട്രാൻസ്പോർട്ട് വ്യവസായത്തിൽ ജോലിചെയ്യുന്ന തൊഴി ലാളികൾക്ക് മാത്രമാണ് ഫെയർവേജസ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഉയർന്ന വിദ്യാ ഭ്യാസ യോഗ്യതയും കായികാധ്വാനവും വൈദഗ്ധ്യവും അത്യാവശ്യമുള്ള തൊഴിൽ മേഖലകൾക്ക് നിശ്ചയിച്ചിട്ടുള്ള കുറഞ്ഞകൂലിയും നിലവിൽ ആ വ്യവസായത്തിന് നൽകി വരുന്ന യഥാർത്ഥകൂലിയും തമ്മിൽ പൊരുത്തപ്പെടാത്ത സാഹചര്യമുണ്ട്. നിശ്ചയിച്ചി ട്ടുള്ള മിനിമം കൂലിയെക്കാൾ ഉയർന്ന കൂലി നിലവിൽ നൽകിവരുന്ന മേഖലകളെ ജീവി തനിലവാരത്തെ അടിസ്ഥാനമാക്കി ഫെയർവേജസ് നിശ്ചയിച്ച് നൽകുന്നതിന് നടപടി യെടുക്കും. ഇപ്രകാരമുള്ള അഞ്ച് തൊഴിൽ മേഖലകളെ ഫെയർവേജസ് പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ഇതിനകം നടപടി സ്വീകരിച്ചിട്ടുണ്ട്.

## മോട്ടോർ ട്രാൻസ്പോർട്ട്/നിർമ്മാണ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ കർശനമാക്കും

1961ലെ മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി നിയമപ്രകാരം മോട്ടോർ ട്രാൻസ്പോർട്ട് സ്ഥാപനങ്ങൾ തൊഴിൽ വകുപ്പിൽ രജിസ്റ്റർ ചെയ്യുകയും തൊഴിലാളി കളുടെ സർവ്വീസ് സംബന്ധമായ രേഖകൾ സൂക്ഷിക്കണമെന്നും നിഷ്കർഷിക്കുന്നു ണ്ട്. എന്നാൽ ഉദ്യോഗസ്ഥരുടെ ദൗർലഭ്യം മൂലം ഈ മേഖലയിൽ കാര്യക്ഷമമായി പരി ശോധന നടക്കുന്നില്ല. ഇത് യഥാർത്ഥ തൊഴിലാളിക്ക് മോട്ടോർ തൊഴിലാളി ക്ഷേമ

നിധി ബോർഡിൽ അംഗത്വം ലഭിക്കുന്നതിന് തടസ്സമാകുകയും ആനുകൂല്യങ്ങൾ നിഷേധിക്കുന്നതിന് ഇടയാക്കുകയും ചെയ്യുന്നു. തൊഴിൽ വകുപ്പിന്റെ പുനഃസംഘടനയിലൂടെ കൂടുതൽ ജീവനക്കാരെ നിയോഗിച്ച് മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി നിയമം കർശനമായി നടപ്പാക്കുകയും ആനുകല്യങ്ങൾ യഥാർത്ഥ തൊഴിലാളിക്കുതന്നെയാണ് ലഭിക്കുന്നതെന്ന് ഉറപ്പാക്കുകയും ചെയ്യും.

1996ലെ കെട്ടിട നിർമ്മാണതൊഴിലാളി (ക്രമീകരണവും നിയന്ത്രണവും) നിയമപ്രകാരം പത്തോ അതിലധികമോ തൊഴിലാളികളെ നിയോഗിച്ച് നടത്തുന്ന എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും രജിസ്ട്രേഷൻ എടുത്തിരിക്കണമെന്ന് വ്യവസ്ഥയുണ്ട്. അപകടകരമായ സാഹചര്യങ്ങളിൽ പണിയെടുക്കേണ്ടിവരുന്ന നിർമ്മാണതൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്ന ഈ നിയമത്തിന്റെ പരിധിയിൽ വരുന്ന എല്ലാ നിർമ്മാണ പ്രവൃത്തികൾക്കും സ്ഥാപന രജിസ്ട്രേഷൻ കർശനമാക്കും. വീഴ്ച വരുത്തുന്ന ഉടമകൾക്കെതിരെ കർശന നടപടി സ്വീകരിക്കും.

## ബാലവേല

ഇന്ത്യയിൽ ബാലവേല ഏറ്റവും കുറഞ്ഞ സംസ്ഥാനമാണ് കേരളം. കുടിയേറുന്ന തൊഴിലാളി കുടുംബങ്ങളിൽ നിന്നുമുള്ള കുട്ടികളാണ് ഇവിടെ അധികവും ബാലവേലയിൽ ഏർപ്പെടുന്നത്. ജില്ലാതലത്തിൽ ഇപ്പോൾ നിലവിലുള്ള ചൈൽഡ് ലേബർ ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയും ബാലവേല നിയമം കർശനമായി നടപ്പാക്കിയും കേരളത്തെ ബാലവേലമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കും. കൂടാതെ ബാലവേലയിൽ ഏർപ്പെടുന്നതായി കണ്ടെത്തുന്ന കുട്ടികളെ അവിടെ നിന്നും മോചിപ്പിച്ച് സുരക്ഷിതമായി മാതാപിതാക്കളുടെ അടുത്ത് എത്തിക്കുകയോ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ അവരെ പുനരധിവസിപ്പിക്കുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കും.

## തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കും

തൊഴിൽവകുപ്പു കൈകാര്യം ചെയ്യുന്ന നിയമങ്ങളിൽ കേന്ദ്രനിയമങ്ങളും സംസ്ഥാന നിയമങ്ങളും ഉണ്ട്. ഇവയിൽ പലതും കാലാനുസൃതമായി പരിഷ്ക്കരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ചില നിയമങ്ങൾ കാലഹരണപ്പെട്ടതും പൂർണ്ണമായും പരിഷ്കരിക്കേണ്ടതുമാണ്. ഇവയിലെ സങ്കീർണ്ണതകൾ ഒഴിവാക്കി ലളിതമാക്കാനും ഏകീകരിച്ച് ഭേദഗതികൾ വരുത്താനും വിദഗ്ധസമിതിക്ക് രൂപം നൽകും. ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ അധ്യക്ഷനായുള്ള നിയമപരിഷ്കരണ സമിതിയുടെ ശുപാർശകൾ കൂടി പരിഗണിച്ചായിരിക്കും ഭേദഗതി നടപ്പിലാക്കുക. കേന്ദ്രനിയമങ്ങളിൽ കാലാനുസൃതമായ മാറ്റം വരുത്തുവാൻ കേന്ദ്രസർക്കാരിനോടും ശുപാർശ ചെയ്യും.

വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി തൊഴിലാളികളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ ഇലക്ട്രോണിക് ഫോർമാറ്റിൽ തയ്യാറാക്കി സൂക്ഷിക്കുന്നതിന് അനുമതി നൽകും. ഓൺലൈൻ സംവിധാനം പ്രയോജനപ്പെടുത്തി രജിസ്ട്രേഷൻ അപേക്ഷകൾ സമർപ്പിക്കാനും സർട്ടിഫിക്കറ്റുകൾ നൽകാനും ഉതകുമാറ് നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതി വരുത്തും. തൊഴിൽ വകുപ്പുദ്യോഗസ്ഥർക്ക് പരിശോധനകൾ നടത്തുന്നതിന് സഹായമാകുന്ന ഒരു ഇൻസ്പെക്ഷൻ മാന്വൽ തയ്യാറാക്കും.

ഇത് സുഗമമവും സുതാര്യവും കാര്യക്ഷമവുമായ പരിശോധനയ്ക്ക് ഉദ്യോഗസ്ഥർക്ക് സഹായകമാകും.

## ആർ.എസ്.ബി.വൈ. & ചിസ്

സംസ്ഥാനത്ത് നടപ്പാക്കിവരുന്ന കേന്ദ്ര സർക്കാർ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ രാഷ്ട്രീയ സ്വസ്ത ഭീമാ യോജനയുടെയും (ആർ.എസ്.ബി.വൈ.) സംസ്ഥാന സർക്കാർ പദ്ധതിയായ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടേയും (ചിസ്) പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തും. നിലവിൽ ക്യാൻസർ, ഹൃദയ-കിഡ്നി എന്നിവയെ ബാധിക്കുന്ന അസുഖങ്ങൾക്ക് നൽകിവരുന്ന ചിസ് പ്ലസ് പദ്ധതിക്ക് കീഴിലുള്ള 70,000 രൂപയുടെ സൗജന്യ ചികിത്സ കരൾ, തലച്ചോറ് എന്നിവയെ ബാധിക്കുന്ന അസുഖങ്ങൾക്കും അപകടങ്ങളെ തുടർന്നുണ്ടാകുന്ന ചികിത്സയ്ക്കും കൂടി നൽകും.

സംസ്ഥാനത്തെ എല്ലാ സ്വകാര്യ മെഡിക്കൽ കോളേജുകളെയും ഈ പദ്ധതി പ്രകാരം ചികിത്സ നടത്തുന്ന സ്ഥാപനങ്ങളുടെ പട്ടികയിൽ പെടുത്തും. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് കീഴിൽ അപകടത്തെ തുടർന്ന് മരണപ്പെടുന്ന കുടുംബനാഥനുള്ള സാമ്പത്തിക സഹായം നിലവിലുള്ള ഒരു ലക്ഷം രൂപയിൽ നിന്ന് രണ്ട് ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കും.

## ക്ഷേമനിധി ബോർഡുകൾ

തൊഴിൽവകുപ്പിന്റെ കീഴിൽ ഇപ്പോഴുള്ള 15 ക്ഷേമനിധി ബോർഡുകളിൽ ചിലത് സമാന സ്വഭാവത്തിൽ പ്രവർത്തിക്കുന്നവയാണ്. ഇത് മൂലം വിവിധ ക്ഷേമനിധികളിൽ ഒരേ സമയം അംഗത്വം നേടുന്നതിനും ആനുകൂല്യം കൈപ്പറ്റുന്നതിനും സാഹചര്യം ഉണ്ടാകുന്നു. സമാന സ്വഭാവത്തിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകളെ ഏകോപിപ്പിക്കാനും ക്ഷേമനിധി അംഗത്വം സംബന്ധിച്ച ഡേറ്റാബേസ് തയ്യാറാക്കാനും ദ്വയാംഗത്വം റദ്ദുചെയ്യാനും നടപടി സ്വീകരിക്കും. ദുർബലമായ ആസ്തിയുള്ള ക്ഷേമബോർഡുകളെ സമാന സ്വഭാവത്തിൽ പ്രവർത്തിക്കുന്ന മെച്ചപ്പെട്ട ആസ്തിയുള്ള ക്ഷേമബോർഡുകളിൽ ലയിപ്പിക്കും.

## തൊഴിൽ നിയമങ്ങളുടെ ബോധവത്കരണം

തൊഴിൽ നിയമങ്ങളെക്കുറിച്ചുള്ള അവബോധം നൽകുന്നതിനും തന്നെപ്പോലെ തൊഴിലാളിക്കും ജീവിക്കാൻ വേണ്ട അവകാശം ഉണ്ടെന്ന സാമൂഹികബോധം തൊഴിൽ ദായകർക്കുണ്ടാക്കാനും തങ്ങളുടെ താത്പര്യസംരക്ഷണത്തോടൊപ്പം തൊഴിൽ ദായകസ്ഥാപനങ്ങൾ നിൽക്കേണ്ടതുണ്ടെന്ന തിരിച്ചറിവ് തൊഴിലാളിയിൽ വളർത്താനും സർവ്വോപരി പൊതുജനങ്ങളുടെ അറിവിലേക്കുമായി തൊഴിൽ നിയമങ്ങൾ ലളിതമായി വിശദീകരിക്കുന്ന ചെറു പുസ്തകങ്ങൾ മാതൃഭാഷയിൽ പ്രസിദ്ധീകരിക്കും.

## ഓവർസീസ് ഡവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് (ഒഡെപെക്)

വിദ്യാസമ്പന്നരായ ചെറുപ്പക്കാരാണ് കേരളത്തിന്റെ വിലപ്പെട്ട സമ്പത്ത്. എന്നാൽ എല്ലാ വിദ്യാസമ്പന്നർക്കും തൊഴിൽ ലഭിക്കാൻ സാഹചര്യം നിലവിൽ ഇല്ല. വിദേശ രാഷ്ട്രങ്ങളിലെ തൊഴിൽദാതാക്കൾക്ക് കേരളത്തിൽ നിന്നും പ്രൊഫഷണലുകളേയും സാധാരണ തൊഴിലന്വേഷകരേയും ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് എത്തിച്ചുകൊടുക്കുക എന്ന ലക്ഷ്യത്തോടെയാണ് 1977ൽ ഒഡെപെക് പ്രവർത്തിച്ചുതുടങ്ങിയത് നാളിതുവരെയായി 6100 പേരെമാത്രമാണ് ഈ സ്ഥാപനം വഴി വിദേശത്തേക്ക് അയക്കാൻ കഴിഞ്ഞത്. അതേ സമയം 12,000ത്തോളം ഉദ്യോഗാർത്ഥികൾ അവസരം തേടി ഈ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. വിദേശരാഷ്ട്രങ്ങൾക്ക് പുറമെ തദ്ദേശീയമായി ഉണ്ടാകുന്ന ഒഴിവുകൾകൂടി ശേഖരിച്ച് ഈ സ്ഥാപനം വഴി റിക്രൂട്ട് ചെയ്ത് നൽകുന്നതിനുള്ള ഒരു ബൃഹത് പദ്ധതി ആവിഷ്ക്കരിക്കും. സ്വദേശത്തും വിദേശത്തുമുള്ള തൊഴിലന്വേഷകരുടേയും തൊഴിൽ ദാതാക്കളുടേയും സഹകരണത്തോടെ മുഖ്യ റിക്രൂട്ടിംഗ് ഏജൻസിയായി ഒഡെപെകിനെ മാറ്റിയെടുക്കും.

ലോകരാജ്യങ്ങളിലെ എമ്പസികളുമായി ബന്ധപ്പെട്ട് അവിടങ്ങളിലെ തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിന് നടപടി സ്വീകരിക്കും. ആഭ്യന്തര മേഖലയിലെ തൊഴിൽ സാധ്യതകൾ കണ്ടെത്തി ഉദ്യോഗാർത്ഥികൾക്ക് സമസ്ത മേഖലയിലും തൊഴിൽ ലഭ്യമാക്കുന്നതിലേക്ക് ഒരു ഓൺലൈൻ ജോബ് പോർട്ടൽ ഉടൻ ആരംഭിക്കും.

വിനോദസഞ്ചാര മേഖലയിലെ തൊഴിൽ സാധ്യതകൾ മുൻനിർത്തി ഒഡെപെക്കിന്റെ കീഴിൽ പ്രവർത്തിക്കുന്ന അയാട്ട അംഗീകാരമുള്ള ട്രാവൽ വിഭാഗം കൂടുതൽ വിനോദസഞ്ചാര പാക്കേജുകളുണ്ടാക്കി പ്രവർത്തന സജ്ജമാക്കും. കേരളത്തിലെ ഐ.റ്റി.ഐ. ഉൾപ്പെടെയുള്ള ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും വിദഗ്ധ പഠനം പൂർത്തീകരിച്ചിറങ്ങുന്നവരെ രജിസ്റ്റർ ചെയ്ത് പാനൽ തയ്യാറാക്കി വിദേശ തൊഴിൽ ദാതാക്കൾക്ക് നൽകി കൂടുതൽ റിക്രൂട്ട്മെന്റ് അവസരം സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കും.

## ഇഎസ്ഐ പദ്ധതി

സംസ്ഥാനത്ത് 60ലക്ഷം തൊഴിലാളികൾ അസംഘടിതമേഖലയിൽ ഉണ്ടെന്നാണ് കണക്ക്. അസംഘടിത മേഖലയിലെ കൂടുതൽ തൊഴിലാളികളെ ഇഎസ്ഐ പദ്ധതിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തും. നാളിതുവരെ ആരോഗ്യ സംരക്ഷണവും സാമ്പത്തിക കൈമാറ്റ സൗകര്യവും മാത്രമായിരുന്നു ഈ പദ്ധതിയിലൂടെ നടപ്പിലാക്കിയിരുന്നത്. എന്നാൽ തൊഴിലാളികളുടെ മറ്റാവശ്യങ്ങൾകൂടി ഈ പദ്ധതിയിലൂടെ പരിഹരിക്കുന്നതിന് ലക്ഷ്യമിടുന്നു. കൂടുതൽ പ്രദേശങ്ങളിൽ പദ്ധതിവ്യാപിച്ച് കൂടുതൽ തൊഴിലാളികളെ പദ്ധതിയുടെ കീഴിൽ കൊണ്ടുവരും. മഹിളാപ്രധാൻ ഏജന്റുമാർ, കെ.എസ്.എഫ്.ഇ. ഏജന്റുമാർ, ലോട്ടറി ഏജന്റുമാർ എന്നീ വിഭാഗങ്ങളെ ഉടനടി പദ്ധതിയുടെ കീഴിൽ കൊണ്ടുവരും. 108 ആംബുലൻസ് മാതൃകയിൽ പദ്ധതിയിൻ കീഴിൽ ആംബുലൻസ് സർവ്വീസുകൾ ഏർപ്പെടുത്തും. ഇ.എസ്.ഐ. ആശുപത്രികളിലെ രോഗി-ഡോക്ടർ ആനുപാതം 60:1ൽ നിന്നും 40:1 ആക്കും.

എല്ലാ ജില്ലകളിലും ഒരു ഡിസ്പെൻസറിയെ കേന്ദ്ര മാനദണ്ഡങ്ങൾക്ക് അനുസരിച്ചുള്ള മാതൃകാ ഡിസ്പെൻസറിയാക്കും. സർക്കാർ-സ്വകാര്യ മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രികളുമായി കരാറുണ്ടാക്കി മെച്ചപ്പെട്ട ചികിത്സ തൊഴിലാളികൾക്ക് ലഭ്യമാക്കും. കേന്ദ്രസർക്കാർ സഹായത്തോടെ നിലവിലുള്ള ഡിസ്പെൻസറികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും മെഡിക്കൽ-ദന്തൽകോളേജുകളുടെ നിർമ്മാണം ത്വരിതപ്പെടുത്തുകയും ചെയ്യും.

## ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്

വ്യവസായ ശാലകളിലെ തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷിതത്വം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നതിനും തൊഴിൽപരമായി ഉണ്ടാകുന്ന അപകടങ്ങളിൽ നിന്നും തൊഴിൽജന്യ രോഗങ്ങളിൽ നിന്നും അവരെ സംരക്ഷിക്കുന്നതിനും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തും. രാസവസ്തുക്കൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഫാക്ടറികളിൽ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും നിയന്ത്രണ വിധേയമാക്കുന്നതിനും വേണ്ടി എറണാകുളത്ത് സ്ഥാപിച്ചിട്ടുള്ള **കെമിക്കൽ എമർജൻസ് റസ്പോൺസ് സെന്റർ** 24 മണിക്കൂറും പ്രവർത്തിപ്പിക്കും.

തൊഴിൽജന്യരോഗങ്ങൾ തുടക്കത്തിലേ കണ്ടു പിടിക്കുന്നതിനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനും ഈ വിഷയത്തിൽ ആവശ്യമായ ഗവേഷണവും അവബോധവും സൃഷ്ടിക്കുന്നതിനും ഒരു **ഒക്കുപേഷണൽ ഹെൽത്ത് റിസേർച്ച് സെന്റർ** കൊല്ലത്ത് സ്ഥാപിക്കും.

ഫാക്ടറി മാനേജ്മെന്റിനും തൊഴിലാളികൾക്കും അപകടനിവാരണ പ്രവർത്തന പ്രക്രിയയെക്കുറിച്ച് അറിവ് നൽകുന്നതിനായി ചർച്ചകളും ക്ലാസുകളും സംഘടിപ്പിക്കും. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ സഞ്ചരിക്കുന്ന പരിശീലന വാഹനമായ **സുരക്ഷാരഥം** ഉപയോഗിച്ച് അസംഘടിത മേഖലയിലുള്ള തൊഴിലാളികൾക്കും ആരോഗ്യ സുരക്ഷിതത്വ പരിശീലനം നൽകും. സുരക്ഷാ ഉപകരണങ്ങളെപ്പറ്റിയും അവയുടെ ഉപയോഗത്തെക്കുറിച്ചും തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും ഇൻഡസ്ട്രിയൽ ഹൈജീൻ ലാബിന്റെ നേതൃത്വത്തിൽ പരിശീലനം നൽകും.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കാൻ മുഴുവൻ എക്സ്ചേഞ്ചുകളും കമ്പ്യൂട്ടറൈസ് ചെയ്ത് വെബ്പോർട്ടൽ സ്ഥാപിക്കും. വികലാംഗർക്കും മാനസിക വൈകല്യം ബാധിച്ചവർക്കും വേണ്ടി പ്രത്യേക പുനരധിവാസ പദ്ധതികളും സ്വയം തൊഴിൽ സ്കീമുകളും ആരംഭിക്കും. ഉദ്യോഗാർത്ഥികൾക്ക് സ്കിൽ ഡെവപല്മെന്റ്, കമ്മ്യൂണിക്കേഷൻ സ്കിൽസ്, എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റ് എന്നിവയിൽ പരിശീലനം നൽകും. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന്റെ ആദ്യപടിയായി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കും. സർക്കാർ സ്ഥാപനങ്ങൾക്ക് പുറമെ സ്വകാര്യമേഖലയിൽ തൊഴിൽസാധ്യതയുള്ള സ്ഥാപനവുമായി ചേർന്ന **റോസ്ഗാർ മേള** സംഘടിപ്പിക്കും. ഒഡെപെക് വഴി വിദേശ തൊഴിലുകൾക്ക് ഉദ്യോഗാർത്ഥികളെ ലഭ്യമാക്കും.

## വ്യാവസായിക പരിശീലന വകുപ്പ്

നിലവിലുള്ള ട്രെയിനിംഗ് കോഴ്സുകൾ നവീകരിക്കുന്നതിനോടൊപ്പം പരമ്പരാഗത മേഖലയായ കൃഷി, നിർമ്മാണം, ഉത്പാദനം എന്നിവിടങ്ങളിൽ അനുഭവപ്പെടുന്ന വിദഗ്ധ തൊഴിലാളികളുടെ കുറവ് പരിഹരിക്കുന്നതിനും ആ മേഖലയ്ക്ക് ആവശ്യമായ സ്കിൽ ഡെവലപ്മെന്റ് ഉണ്ടാക്കുന്നതിനും പുതിയ പരിശീലന പദ്ധതികൾ ആവിഷ്കരിക്കും. സ്റ്റേറ്റ് ട്രെയിനിംഗ് ഡയറക്ടറേറ്റിന്റെ പ്രവർത്തനം ആധുനിക വത്കരിക്കുകയും കമ്പ്യൂട്ടറൈസേഷൻ ഏർപ്പെടുത്തുകയും ചെയ്ത് കുറ്റമറ്റ രീതിയിൽ റിസൽറ്റ് പ്രസിദ്ധീകരിക്കുന്നതിനും സർട്ടിഫിക്കറ്റ് നൽകുന്നതിനും നടപടി സ്വീകരിക്കും. സ്വകാര്യതൊഴിൽ പരിശീലന സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കാനും നിയന്ത്രിക്കാനുമായി നിയമ നിർമ്മാണം നടത്തും. തുടർച്ചയായി വിവിധ മേഖലകളിൽ സ്കിൽ ഗ്യാപ്സ് സ്റ്റഡി നടത്തി അത് പ്രയോജനപ്പെടുത്തുന്ന തരത്തിലുള്ള പുതിയ കോഴ്സുകൾക്ക് രൂപം നൽകും. തൊഴിൽ പരിശീലന രംഗത്ത് വനിതകൾക്ക് കൂടുതൽ അവസരം ഉറപ്പാക്കുന്നതിന് കോട്ടയം, ഇടുക്കി, മലപ്പുറം, കാസർകോട് എന്നീ ജില്ലകളിൽ വനിതാ ഐ.ടി.ഐ സ്ഥാപിക്കുകയും പുതിയതും ജോലിസാധ്യതയുള്ളതുമായ ട്രേഡുകൾ ആരംഭിക്കുകയും ചെയ്യും. പരിശീലനം പൂർത്തിയാക്കിയവരുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് ഒഡെപെക്കുമായി ബന്ധപ്പെട്ട് പുതിയ പ്ലേസ്മെന്റ് സംവിധാനം ആരംഭിക്കും.

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)

വി.വി.ഗിരി നാഷണൽ ലേബർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ **ഓഫ് കാമ്പസ്** സെന്ററായി ഈ സ്ഥാപനത്തെ രൂപാന്തരപ്പെടുത്തി തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട ഉപരി പഠനത്തിന് സംവിധാനം ഒരുക്കും. തൊഴിൽവകുപ്പ് ജീവനക്കാർക്ക് നിലവിൽ നൽകിവരുന്ന പരിശീലന പരിപാടിക്ക് പുറമെ സംസ്ഥാന തലത്തിലുള്ള വനിതാ ട്രേഡ്യൂണിയൻ പ്രവർത്തകർക്കായി തൊഴിൽ നിയമങ്ങളെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കും. നടപ്പുവർഷത്തിൽ പത്ത് റിസർച്ച് പ്രോഗ്രാമുകളും പത്ത് പരിശീലന പരിപാടികളും ഈ സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ നടത്തുവാൻ ലക്ഷ്യമിടുന്നു.

## കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ

കരകൗശല മേഖലയുടെ നവീകരണം ലക്ഷ്യമിട്ട് ഈ മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കും കുടുംബശ്രീ യൂണിറ്റുകൾക്കും ക്രാഫ്റ്റിലും ഡിസൈനിംഗിലും പരിശീലനം നൽകും. സ്കൂൾ കുട്ടികൾക്കിടയിൽ ഡിസൈനിംഗിനെക്കുറിച്ച് അവബോധം വളർത്തുന്നതിന് സ്കൂളുകൾ കേന്ദ്രീകരിച്ച് ക്രാഫ്റ്റ് സംരംഭങ്ങൾ ആരംഭിക്കും. ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്ക് കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിന് പരിശീലനം നൽകും. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പങ്കാളിത്തത്തോടെ ടെക്സ്റ്റൈൽ ഡിസൈനിംഗ്, സിറാമിക് ഡിസൈനിംഗ്, വിഷ്വൽ കമ്മ്യൂണിക്കേഷൻ എന്നിവയിൽ ഹ്രസ്വകാല-ദീർഘകാല കോഴ്സുകൾ ആരംഭിക്കും. സർക്കാർ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങളുടെ ഡിസൈനിംഗും മറ്റ് അനുബന്ധ ജോലികളും നിർവ്വഹിക്കാൻ സംവിധാനം ഒരുക്കും.

***